# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2252 18.06.2013- ൽ മറുപടിക്ക്**

**ഹാന്റക്സ് സഹകരണ ബാങ്കിൽ നിന്നുമെടുത്ത വായ്പ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ജി.എസ്.ജയലാൽ | | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും ഹാന്റക്സ് വായ്പ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വായ്പാ ഇനത്തിൽ എത്ര രൂപ വീതം സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ; | (എ) | ഉണ്ട്. (see table below) |
| (ബി) | പ്രസ്തുത വായ്പയും പലിശയും ഉൾപ്പെടെ നിലവിൽ എത്ര രൂപ സംസ്ഥാന സഹകരണ ബാങ്കിന് നൽകുവാനുണ്ട്; പ്രസ്തുത തുക ഈടാക്കുന്നതിലേയ്ക്ക് ബാങ്ക് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിരുന്നുവോ; നടപടി എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | പലിശയും മുതലും ഉൾപ്പടെ 46.13 കോടി നൽകേണ്ടതായി കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ആവശ്യപ്പെടുകയുണ്ടായി. ഈ തുക നൽകാത്തതു കാരണം 02.01.2012 ലെ SARFAESI Act (Securitisation and Reconstruction of Financial Assets and Enforcement of Security Interest) അനുസരിച്ച് വസ്തുക്കളെ കേരളാ സംസ്ഥാന സഹകരണ ബാങ്ക് കൈവശമെടുത്തു. കേരളാ സംസ്ഥാന സഹകരണ ബാങ്ക് 7 ദിവസത്തിനകം ലോൺ തിരിച്ചടയ്ക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് 16.02.2012 ൽ കത്ത് നൽകുകയും 06.02.2013 ൽ ലേലത്തിനുള്ള പത്രപരസ്യം നൽകുകയും ചെയ്തു. വസ്തു വാങ്ങാൻ ആരും വരാത്തതുകാരണം സെയിൽസ് ആഫീസർ കേരളാ സംസ്ഥാന സഹകരണ ബാങ്കിന്റെ പേരിൽ തന്നെ ഹാന്റക്സിന്റെ വസ്തുക്കൾക്ക് സെയിൽ സർട്ടിഫിക്കറ്റ് നൽകിയതായി 03.05.2013 ലെ കത്തു മുഖേന അറിയിച്ചിട്ടുണ്ട്. |

| A/C Number | Principal Amount (₹ in lakhs) | Year of Acquired |
|---|---|---|
| Cash Credit A/C.No.302 | 1255.73 | 1998-99 |
| Special Credit A/C No.467 | 396.60 | 2001-02 |
| Special Credit A/C No.487 | 17.83 | 2004-05 |
| Special Credit A/C No.2 | 300.00 | 2004-05 |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത വായ്പ ലഭിക്കുവാൻ ഹാന്റക്സ് ജാമ്യമായി ഭൂമിയോ മറ്റ് വസ്തു വകകളോ നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ ; | (സി) | വഞ്ചിയൂർ വില്ലേജിൽപ്പെട്ട ഹാന്റക്സിന്റെ ഊറ്റുകുഴിയിലുള്ള ഹെഡാഫീസ് ഉൾപ്പെടുന്ന 1.20 ഏക്കർ വസ്തുവും, ബാലരാമപുരത്ത് സ്ഥിതി ചെയ്യുന്ന ഹാന്റക്സ് പ്രോസസ്സ്ഹൗസ് ഉൾപ്പെടുന്ന 1.41 ഏക്കർ വസ്തുവും ഈട് നൽകിയാണ് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്ന് ലോണെടുത്തിട്ടുള്ളത്. |
| (ഡി) | കുടിശ്ശിക ഈടാക്കൽ നടപടി താല്ക്കാലികമായി നിറുത്തി വയ്ക്കുവാൻ ഹാന്റക്സ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചുവോ; എങ്കിൽ എന്താണെന്ന് അറിയിക്കുമോ? | (ഡി) | ഉണ്ട്. ഹാന്റക്സിനെതിരെയുള്ള നടപടികൾ 30.06.2013 വരെ നിർത്തിവയ്ക്കണമെന്ന് ബാങ്കിന് നിർദ്ദേശം നൽകികൊണ്ട് 06.03.2013 ലെ ജി.ഒ(ആർ.റ്റി)നം.305/2013/ഐ.ഡി നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**